## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1784 | | | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **സാമൂഹ്യസുരക്ഷാ പെൻഷനുകൾ നിക്ഷേപിക്കുന്ന ബാങ്കുകൾ മിനിമം ബാലൻസ് ഒഴിവാക്കണമെന്ന നിർദ്ദേശം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.കെ.എൻ.എ.ഖാദർ** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കായി സർക്കാർ നൽകിവരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ നിന്നും, ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ മിനിമം ബാലൻസില്ലെന്ന കാരണത്താൽ, ബാങ്കുകൾ പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി)<br><br><br><br><br><br><br>(സി) | ബാങ്കുകൾ മിനിമം ബാലൻസ് നിശ്ചയിച്ച് ഉത്തരവിറക്കിയതിനു ശേഷം സർക്കാർ ആനുകൂല്യങ്ങൾ ക്രെഡിറ്റ് ചെയ്യുന്ന ഇത്തരം അക്കൗണ്ടുകളെ പ്രസ്തുത പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന നിർദ്ദേശം ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ;<br>സാമൂഹ്യസുരക്ഷാ പെൻഷനുകൾ നിക്ഷേപിക്കുന്ന ബാങ്കുകൾക്ക് മിനിമം ബാലൻസ് ഒഴിവാക്കണമെന്ന നിർദ്ദേശം നൽകുമോ? | (ബി)<br>&<br>(സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ അക്കൗണ്ടുകൾ സീറോ ബാലൻസ് അക്കൗണ്ട് ആക്കിനൽകണമെന്ന് എസ്.ബി.ഐ.യോട് നിർദ്ദേശിച്ചിട്ടുള്ളതും അത് അംഗീകരിച്ചിട്ടുള്ളതുമാണ്. മറ്റ് ബാങ്കുകളും ഇത്തരം സീറോ ബാങ്ക് അക്കൗണ്ട് നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ